# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4251 16/12/2014-ൽ മറുപടിക്ക്

## ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള വിശദവിവരം വെളിപ്പെടുത്താമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പ് ശേഖരിച്ച കണക്ക് പ്രകാരം സംസ്ഥാനത്ത് ആകെ 10,517 ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം**-1 ൽ ചേർക്കുന്നു. |
| (ബി) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനുവേണ്ടി നടപ്പു സാമ്പത്തികവർഷം അനുവദിച്ച സംഖ്യ എത്രയാണെന്നും ഓരോ ജില്ലയ്ക്കും ലഭിയ്ക്കാവുന്ന സംഖ്യ എത്രയാണെന്നും വിശദീകരിക്കാമോ; | (ബി) | 2014-15 വർഷം ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിന് 20 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ആയതിൻപ്രകാരം ഓരോ ജില്ലയ്ക്കും അനുവദിച്ച സംഖ്യയുടെ വിവരങ്ങൾ **അനുബന്ധം-2** ൽ ചേർക്കുന്നു. |
| (സി) | നടപ്പ് സാമ്പത്തികവർഷം കാസർഗോഡ് ജില്ലയിൽ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ സർവ്വെ നടത്തിയിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ; | (ഡി) | ബാധകമല്ല. |
| (ഇ) | നടപ്പ് സാമ്പത്തികവർഷം ഭൂരഹിതരായ എത്ര പട്ടികവർഗ്ഗക്കാരാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായതെന്ന് പറയാമോ; | (ഇ) | നടപ്പ് സാമ്പത്തിക വർഷം കാസർഗോഡ് ജില്ലയിൽ ആർക്കും ഭൂമി കൊടുത്തിട്ടില്ല. അതേ സമയം ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി പ്രകാരം സംസ്ഥാനത്ത് 362 പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. |
| (എഫ്) | നിലവിൽ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ലഭ്യമാക്കാമോ; പ്രസ്തുത പട്ടിക തയ്യാറാക്കപ്പെട്ടത് ഏതു മാനദണ്ഡ പ്രകാരമാണെന്ന് വിശദമാക്കാമോ? | (എഫ്) | ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയിട്ടില്ല. ഭൂരഹിത കുടുംബങ്ങളിൽ നിന്നും ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയാണ് നിലവിൽ ചെയ്യുന്നത്. വാസയോഗ്യമായ ഭൂമിയാണെന്ന് കണ്ടെത്തിയാൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് വില നിർണ്ണയം നടത്തുന്നത്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം 1

ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾ

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 16 |
| 2 | കൊല്ലം | 76 |
| 3 | പത്തനംതിട്ട | 128 |
| 4 | ആലപ്പുഴ | 212 |
| 5 | കോട്ടയം | 206 |
| 6 | ഇടുക്കി | 453 |
| 7 | എറണാകുളം | 194 |
| 8 | തൃശ്ശൂർ | 74 |
| 9 | പാലക്കാട് | 1826 |
| 10 | മലപ്പുറം | 733 |
| 11 | കോഴിക്കോട് | 301 |
| 12 | വയനാട് | 4913 |
| 13 | കണ്ണൂർ | 170 |
| 14 | കാസർഗോഡ് | 1215 |
| | ആകെ | **10517** |

അനുബന്ധം 2

2014 - 15 വർഷം പുനരധിവാസത്തിനായി അനുവദിക്കപ്പെട്ട തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | ജില്ല | നൽകിയ തുക |
|---|---|---|
| 1 | കൊല്ലം | 1,04,28,500 |
| 2 | പത്തനംതിട്ട | 1,20,00,000 |
| 3 | കോട്ടയം | 1,00,00,000 |
| 4 | ഇടുക്കി | 30,00,000 |
| 5 | എറണാകുളം | 90,00,000 |
| 6 | തൃശ്ശൂർ | 1,30,00,000 |
| 7 | പാലക്കാട് | 58,75,000 |
| 8 | കോഴിക്കോട് | 40,00,000 |
| 9 | വയനാട് | 7,84,16,000 |
| 10 | കണ്ണൂർ | 2,83,06,805 |
| 11 | കാസർഗോഡ് | 70,00,000 |
| | **ആകെ** | **18,10,26,305** |
| | **നീക്കിയിരുപ്പ്** | **1,89,73,695** |

Haripriya

സെക്ഷൻ ഓഫീസർ